പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *155 — 11.02.2020 ൽ മറുപടിക്ക്

## സിൽവർ ലൈൻ അതിവേഗ റെയിൽപാത

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.കെ.പ്രശാന്ത്<br>,, ജെയിംസ് മാത്യു<br>,, സജി ചെറിയാൻ<br>,, പി.ടി.എ. റഹീം | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരളത്തിന്റെ അഭിമാന പദ്ധതിയായ സിൽവർ ലൈൻ അതിവേഗ റെയിൽപാതയുടെ, നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള സർവേ പൂർത്തിയായതിനെത്തുടർന്ന് ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾ തുടങ്ങാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; എത്ര സ്ഥലം ഏറ്റെടുക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്; | (എ) യും (ബി) യും | തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 532 കി.മീ ദൂരത്തിൽ സെമി ഹൈസ്പീഡ് റെയിൽ പാതയ്ക്ക് റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമായതിനു ശേഷം മാത്രം വാല്യൂ ക്യാപ്ച്ചറിംഗ്, ധന സമാഹരണം മുതലായവ ആരംഭിക്കുന്നതാണെന്ന വ്യവസ്ഥയിൽ ഈ പദ്ധതിയുടെ ജനറൽ കൺസൾട്ടന്റായ "സിസ്ട്ര" സമർപ്പിച്ച സാധ്യതാ പഠന റിപ്പോർട്ടും അലൈൻമെന്റും സംസ്ഥാനം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം (in-principle) ലഭ്യമായിട്ടുണ്ട്. സോയിൽ സർവ്വേ, ലിഡാർ ഏരിയൽ സർവ്വേ, ട്രാഫിക് സർവ്വേ EIA പഠനം എന്നിവ പൂർത്തിയായിട്ടുണ്ട്. പാത കടന്നു പോകുന്ന 10 ജില്ലകളിൽ ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കുള്ള ലാന്റ് അക്വിസിഷൻ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>ഈ പദ്ധതിക്കായി 1226.45 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. 66,405 കോടി രൂപയുടെ ചിലവ് പ്രതീക്ഷിക്കുന്നു. മൂലധന സമാഹരണവുമായി ബന്ധപ്പെട്ട് KFW, JICA, AIIB, ലോക ബാങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ചകൾ നടന്നു വരുന്നു. |
| (ബി) | മതിപ്പ് ചെലവ് എത്രയാണെന്ന് അറിയിക്കാമോ; പദ്ധതി നടപ്പാക്കുന്നതിനുള്ള ധനസ്രോതസ്സ് സംബന്ധിച്ച് ധാരണയായിട്ടുണ്ടോ; എങ്കിൽ അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ